# പ്രവേശന പരീക്ഷാ കമ്മീഷണറുടെ നടപടി ക്രമം

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-1**

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം- സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2018-19 അധ്യയന വർഷം എം.ബി.ബി.എസ് കോഴ്സിൽ പ്രവേശനം ലഭിച്ചതും ബി.പി.എൽ സ്കോളർഷിപ്പിന് അർഹത നേടിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് അവരുടെ രണ്ടാം/മൂന്നാം വർഷത്തെ ട്യൂഷൻ ഫീസിന്റെ (2019-2020 ) 90 % തുക ബി.പി.എൽ സ്കോളർഷിപ്പായി അനുവദിച്ച് ഉത്തരവാകുന്നു.

---

**നം.എ3/693/2019/പ്ര.പ.ക (3)** | **തീയതി:22/12/2021**

---

പരാമർശം:1. ജി.ഒ (എം.എസ്)നം.107/2018/ആ.കു.വ. തീയതി 06.06.2018.
2. ജി.ഒ (എം.എസ്)നം.138/2018/ആ.കു.വ. തീയതി 19.07.2018.
3. ജി.ഒ (എം.എസ്)നം.169/2018/ആ.കു.വ. തീയതി 19.08.2018.
4. ജി.ഒ (പി) നം. 83/ 2018 /ആ.കു.വ. തീയതി 05.06.2018.
5.ഈ കാര്യാലയത്തിലെ 12/10/2021ലെ ഇതേ നം.ഉത്തരവ്.
6. 23/07/2020-ലെ WP(C)No.7771/2018 & connected case- ലെ കേസിലെ ബഹു. ഹൈക്കോടതി ഉത്തരവ്.
7. 27/01/2021 -ലെ WP(C)No.25475 & 26683/2020 കേസിലെ ബഹു. ഹൈക്കോടതി ഉത്തരവ്.
8. കേരള ആരോഗ്യ സർവ്വകലാശാല റജിസ്ട്രാർറുടെ 07.12.2021 ലെ കത്ത് നം. 14754/2021/ബി2/എസക്സ്.മെഡ്/കെ.യു.എച്ച്.എസ്

## ഉത്തരവ്

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അധ്യയന വർഷം മുതൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള (ബി.പി.എൽ) വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് രൂപത്തിൽ ഫീസ് ഇളവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരാമർശം (1),(2),(3) ഉത്തരവുകൾ പ്രകാരം സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. തുടർന്ന് പരാമർശം (6) പ്രകാരം ബി.പി.എൽ സ്കോളർഷിപ്പ് സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവ് ബഹു.ഹൈക്കോടതി റദ്ദാക്കിയിരുന്നു. പരാമർശം (7) പ്രകാരം അർഹരായ വിദ്യാർത്ഥികൾക്ക് ബി.പി.എൽ സ്കോളർഷിപ്പ് അനുവദിയ്ക്കുന്നതിന് ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2018-19 അധ്യയനവർഷത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ അർഹത ബന്ധപ്പെട്ട ജില്ലാകളക്ടർമാർ പരിശോധിച്ചതിൻ പ്രകാരം AFRC യുടെ അംഗീകാരത്തോടെ അർഹതപ്പെട്ട 15 വിദ്യാർത്ഥികൾക്ക് പരാമർശം (5) പ്രകാരം ട്യൂഷൻ ഫീസിന്റെ 90% തുക സ്കോളർഷിപ്പായി അനുവദിക്കുകയും, പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ

അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ ഒന്നാം വർഷ ട്യൂഷൻ ഫീസിന്റെ 90% തുക സ്കോളർഷിപ്പായി കോർപ്പസ് ഫണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുള്ളതുമാകുന്നു.

മേൽ സാഹചര്യത്തിൽ 2018–19 അധ്യയനവർഷത്തിൽ സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഒന്നാം വർഷ/രണ്ടാം വർഷത്തെ (2018–19 & 2019–20) റഗുലർ യൂണിവേഴ്സിറ്റി പരീക്ഷ വിജയിച്ചിട്ടുണ്ടെങ്കിൽ അവർക്ക് രണ്ടാംവർഷ/മൂന്നാം വർഷത്തെ (2019–20 & 2020–21) ട്യൂഷൻ ഫീസിന്റെ 90 % തുക സ്കോളർഷിപ്പായി അനുവദിയ്ക്കേണ്ടതാണ്. ആയതിനാൽ പ്രസ്തുത വിദ്യാർത്ഥികൾ ഒന്നാം വർഷത്തെയും രണ്ടാംവർഷത്തെയും യൂണിവേഴ്സിറ്റി പരീക്ഷ വിജയിച്ചിട്ടുണ്ടോ എന്ന വിവരം റിപ്പോർട്ട് ചെയ്യണമെന്ന് ആവശ്യപ്പെട്ട് കേരള ആരോഗ്യ സർവ്വകലാശാല റജിസ്ട്രാർക്ക് അറിയിപ്പ് നൽകിയിരുന്നു. അതിൻ പ്രകാരമുള്ള റിപ്പോർട്ട് പരാമർശം (8) പ്രകാരം ലഭ്യമായിട്ടുണ്ട്

ഈ സാഹചര്യത്തിൽ പരാമർശം (5) പ്രകാരം ബി.പി.എൽ സ്കോളർഷിപ്പിന് അർഹത നേടിയ വിദ്യാർത്ഥികളിൽ, കേരള ആരോഗ്യ സർവ്വകലാശാല റജിസ്ട്രാറുടെ പരമാർശം (8) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2018–19 അധ്യയന വർഷം സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിക്കുകയും, ഒന്നാം വർഷത്തെയും രണ്ടാംവർഷത്തെയും യൂണിവേഴ്സിറ്റി പരീക്ഷ വിജയിയ്ക്കുകയും ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് അവരുടെ രണ്ടാംവർഷ / മൂന്നാം വർഷത്തെ ട്യൂഷൻ ഫീസിന്റെ 90 % തുക സ്കോളർഷിപ്പായി അനുവദിച്ചു ഉത്തരവാകുന്നു. വിദ്യാർത്ഥികളുടെ പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.

പ്രവേശന പരീക്ഷാ കമ്മീഷണർ

<u>പകർപ്പ്:-</u>

1. ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക്
2. ബന്ധപ്പെട്ട സ്വകാര്യ സ്വാശ്രയ മെഡിക്കൽകോളേജ് പ്രിൻസിപ്പാൾമാർക്ക്.
3. ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
4. ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
5. ഡയറക്ടർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം.
6. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം.
7. അഡ്മിഷൻ & ഫീ റഗുലേറ്ററി കമ്മിറ്റി ഫോർ മെഡിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം.
8. സ്റ്റോക്ക് ഫയൽ/കറണ്ട് ഫയൽ.

## അനുബന്ധം

| Sl.No. | Sl.No. in the Register | Roll No. | Name | Name of College | Tuition Fee (Approved by AFRC) | BPL Scholarship (90% of Tuition Fee) | Total |
|---|---|---|---|---|---|---|---|
| 1 | 45 | 105650 | Rageeth R G | Azeezia Institute of Medical sciences and Research, Meeyannoor P O, Kollam | 560000/- | 504000 x 2 | 1008000 |
| 2 | 46 | 109723 | Anooj M R | Azeezia Institute of Medical sciences and Research, Meeyannoor P O, Kollam | 560000/- | 504000 x 2 | 1008000 |
| 3 | 47 | 230544 | Vignesh Sunil | Malabar Medical College & Research Centre, Modakkalur, Calicut | 560000/- | 504000 x 2 | 1008000 |
| 4 | 48 | 233025 | Vishnu Priya M K | Sree Gokulam Medical College & Research Foundation, Venjaramoodu,Thiruvananthapuram | 560000/- | 504000 x 2 | 1008000 |
| 5 | 49 | 233617 | Athira Suresh | Sree Gokulam Medical College & Research Foundation, Venjaramoodu,Thiruvananthapuram | 560000/- | 504000 x 1 | 504000 |
| 6 | 50 | 174300 | Devadharsh Vinayan | Dr.S.M.C.S.I. Medical College, Karakonam,Tvm | 560000/- | 504000 x 2 | 1008000 |
| 7 | 51 | 172034 | Jithin Peter | Jubilee Mission Medical College & Research Institute, Thrissur | 560000/- | 504000 x 2 | 1008000 |
| 8 | 52 | 236016 | Prejina Rajan | Academy of Medical Science, Pariyaram, Kannur | 560000/- | 504000 x 1 | 504000 |
| 9 | 53 | 214248 | Muhammed Shaheer A | SUT Academy of Medical Science, Tvm | 532000/- | 478800 x 1 | 478800 |
| 10 | 54 | 198619 | Fathima Safa M S | Malabar Medical College & Research Centre, Modakkalur, Calicut | 560000/- | 504000 x 2 | 1008000 |
| 11 | 55 | 200559 | Anupama P | Travancore Medical College, Mylapore,Thattamala P O, Kollam | 560000/- | 504000 x 2 | 1008000 |
| 12 | 56 | 200124 | Fathimath Febina E | KMCT Medical College, Mannassery P O, Kozhikode | 554000/- | 498600 x 2 | 997200 |

| | | | | | | | |
|---|---|---|---|---|---|---|---|
| 13 | 57 | 204424 | Jaseena E | Karuna Medical College, Vilayodi, Chittur, Palakad | 540540/- | 486486 x 2 | 972972 |
| 14 | 58 | 145498 | Rashid C M | M.E.S. Medical College, Perinthalmanna, Malappuram | 560000/- | 504000 x 1 | 504000 |
| 15 | 59 | 239734 | Athul P P | Dr.S.M.C.S.I. Medical College, Karakonam,Tvm | 560000/- | 504000 x 2 | 1008000 |

**Total - 1,30,32,972/-**

**(Rupees One Crore Thirty lakh Thirtytwo thousand Nine hundred and Seventy two only)**

പ്രവേശന പരീക്ഷാ കമ്മീഷണർ